# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 30.09.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഗാസയിലെ സംഘർഷം അവസാനിപ്പിക്കുന്നതിനായുള്ള അമേരിക്കയുടെ സമാധാന പദ്ധതിയെ പിന്തുണച്ച പ്രധാന മന്ത്രി നരേന്ദ്രമോദിയ്ക്ക് ഇന്ത്യയിലെ ഇസ്രായേൽ അംബാസഡർ നന്ദി അറിയിച്ചു.

   **The Israeli ambassador to India thanked Prime Minister Narendra Modi for his support for the US peace plan to end the conflict in Gaza.**

2. സുരക്ഷാ വെല്ലുവിളികൾ വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ ഇന്ത്യൻ സായുധ സേനകളുടെ സംയുക്ത പ്രവർത്തനം വളരെ അനിവാര്യമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്

   **Defence Minister Rajnath Singh said that joint action by the Indian armed forces is essential in this era of increasing security challenges.**

3. വ്യവസായ, സംരംഭക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഇ.എസ്.ജി നയത്തിന് അംഗീകാരം നൽകുന്ന ആദ്യ സംസ്ഥാനമായി കേരളം

   **Kerala becomes the first state to approve the ESG policy related to industrial and entrepreneurial activities.**

4. ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള അന്തിമ വോട്ടർ പട്ടിക തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ചു.

The Election Commission has published the final voter list for the Bihar assembly elections.

5. നവരാത്രിയോടനുബന്ധിച്ച് രാജ്യത്ത് വിപുലമായ ആഘോഷങ്ങൾ. കേരളത്തിലെ ക്ഷേത്രങ്ങളിൽ വൻ ഭക്തജനത്തിരക്ക്. നാളെ മഹാനവമി

Extensive celebrations in the country on the occasion of Navratri. Huge crowd of devotees at temples in Kerala. Mahanavami tomorrow.

6. ഐ.സി.സിയുടെ വനിതാ ഏകദിന ലോകകപ്പിൻറെ ആദ്യ മത്സരത്തിൽ ഇന്ത്യ ശ്രീലങ്കയെ നേരിടുന്നു.

India and Sri Lanka is facing each other in the first match of the ICC Women's One-Day World Cup.

## PM-GAZA PLAN

ഗാസയിലെ സംഘർഷം അവസാനിപ്പിക്കുന്നതിനായി അമേരിക്കൻ പ്രസിഡൻറ് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ച സമഗ്ര സമാധാന പദ്ധതിയെ സ്വാഗതം ചെയ്ത് ഇന്ത്യ. പലസ്തീനിലെയും, ഇസ്രായേലിലെയും ജനതയ്ക്കും, പശ്ചിമേഷ്യൻ മേഖലയ്ക്കും ഈ പദ്ധതി സുസ്ഥിര സമാധാനവും സുരക്ഷയും വികസനവും പ്രദാനം ചെയ്യട്ടേയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. യൂറോപ്പിലെയും, മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലെയും നേതാക്കളും ട്രംപിൻറെ സമാധാന പദ്ധതിയെ സ്വാഗതം ചെയ്തു.

## ISRAEL - MODI

ഗാസയിലെ സംഘർഷം അവസാനിപ്പിക്കുന്നത് ലക്ഷ്യമിട്ട് അമേരിക്കയുടെ നേതൃത്വത്തിൽ കൈകൊണ്ട സമാധാന പദ്ധതിയെ പിന്തുണച്ചതിന് ഇന്ത്യയിലെ ഇസ്രായേൽ അംബാസഡർ റൂവൻ അസർ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ നന്ദി അറിയിച്ചു. ന്യൂഡൽഹിയിൽ ഇന്ന് നടന്ന പത്ര

സമ്മേളനത്തിൽ, സംഭവവികാസത്തെ ചരിത്രപരമെന്ന് അസർ വിശേഷിപ്പിച്ചു.

❁❁❁❁❁❁❁❁❁❁❁❁

## TRI SERVICE RAJNATH (INTRO)

സുരക്ഷാ വെല്ലുവിളികൾ വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ ഇന്ത്യൻ സായുധ സേനകളുടെ സംയുക്ത പ്രവർത്തനം വളരെ അനിവാര്യമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ നടന്ന ട്രൈ സർവീസസ് സെമിനാറിനെ അഭിസംബോധന ചെയ്യുകയായിരുന്നു രാജ്യ രക്ഷാ മന്ത്രി. സൈബർ യുദ്ധ മുറകൾക്ക് ഏകീകൃത നിലവാരം കൊണ്ടു വരണമെന്നും സായുധ സേനയുടെ സൈബർ പ്രതിരോധ സംവിധാനം മികച്ചതാണെന്നും അദ്ദേഹം പറഞ്ഞു. സംയുക്ത സേനാ മേധാവി അനിൽ ചൗഹാൻ കര-വായു-നാവിക സേനാ മേധാവികൾ തുടങ്ങിയവർ സെമിനാറിൽ പങ്കെടുത്തു.

വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁

## STATE CABINET

വ്യവസായ, സംരംഭക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഇ.എസ്.ജി നയ ത്തിന് അംഗീകാരം നൽകുന്ന ആദ്യ സംസ്ഥാനമായി കേരളം. പരിസ്ഥിതിക്ക് അനുയോജ്യവും സമൂഹത്തെ പരിഗണിക്കുന്നതുമായ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനാണ് നയം നടപ്പാക്കുന്നത്. വയനാട് ടൗൺഷിപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് അഡ്വാൻസ് പേമെൻറ് ഗ്യാരണ്ടി വ്യവസ്ഥ ഒഴിവാക്കാനും മന്ത്രി സഭ തീരുമാനിച്ചു.

❁❁❁❁❁❁❁❁❁❁❁❁

## DEFENCE ACCOUNTS- ANNUAL DAY

രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് നാളെ ന്യൂഡൽഹിയിൽ പ്രതിരോധ അക്കൗണ്ട്സ് വകുപ്പിൻറെ വാർഷിക ദിനാഘോഷത്തിൽ പങ്കെടുക്കും. പ്രതിരോധ മന്ത്രാലയത്തിൻറെ പരിഷ്കാര വർഷത്തോടനുബന്ധിച്ച് കൺട്രോളർ ജനറൽ ഓഫ് ഡിഫൻസ് അക്കൗണ്ട്സ്-സിജിഡിഎയുടെ സ്ഥാപന ശേഷി ശക്തിപ്പെടുത്തുക സേവന വിതരണം വർദ്ധിപ്പിക്കുക

തുടങ്ങിയവ ലക്ഷ്യമിട്ടുള്ള പുതിയ പ്രസിദ്ധീകരണങ്ങളുടെ ഒരു പരമ്പര കേന്ദ്ര മന്ത്രി പുറത്തിറക്കും. സിജിഡിഎ ഉദ്യോഗസ്ഥർക്ക് 2025 ലെ രക്ഷാ മന്ത്രി അവാർഡുകളും മന്ത്രി സമ്മാനിക്കും.

## NAVARATHRI

നവരാത്രിയോടനുബന്ധിച്ച് രാജ്യത്ത് വിപുലമായ ആഘോഷങ്ങൾ. ന്യൂഡൽഹിയിലെ ചിത്തരഞ്ജൻ പാർക്കിലെ ദുർഗ്ഗാ പൂജ ആഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുത്തു. സംസ്ഥാനത്തെ ക്ഷേത്രങ്ങളിൽ വലിയ ജനത്തിരക്കാണ് അനുഭവപ്പെടുന്നത്. ഇന്നാണ് ദുർഗാഷ്ടമി. ദക്ഷിണ മൂകാംബിക എന്നറിയപ്പെടുന്ന കോട്ടയം പനച്ചിക്കാട് സരസ്വതീ ക്ഷേത്ര ത്തിലും, ചോറ്റാനിക്കര, ഗുരുവായൂർ ഉൾപ്പെടെയുള്ള ക്ഷേത്രങ്ങളിലും നവരാത്രി ആഘോഷങ്ങൾ പുരോഗമിക്കുകയാണ്. അറിവിൻറെ ദേവതയായ സരസ്വതീ ദേവിക്ക് മുന്നിൽ ഗ്രന്ഥങ്ങളും പഠനോപകരണങ്ങളും ഇന്നലെ പൂജ വെച്ചു. നാളെ മഹാനവമിയ്ക്ക് ശേഷം വ്യാഴാഴ്ച വിജയദശമി നാളിലാണ് പൂജയെടുപ്പ്.

## NAVARATHRI - KOLLUR (INTRO)

കർണാടകയിലെ കൊല്ലൂർ മൂകാംബിക ക്ഷേത്രത്തിൽ നാളെ രഥോൽസവം. നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി വൻ ഭക്തജനത്തിരക്കാണ് ക്ഷേത്ര ത്തിൽ അനുഭവപ്പെടുന്നത്. കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി ജഗന്നിവാസൻ

(വോയ്സ്)

## VP-DURGA PUJA

രാജ്യത്തെ പൗരന്മാർക്ക് രാഷ്ട്രപതിയും, ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ ദുർഗ്ഗാ പൂജ ആശംസകൾ നേർന്നു. തിന്മയുടെ മേൽ നന്മയുടെ വിജയത്തെ പ്രതീകപ്പെടുത്തുന്നതാണ് ഈ ആഘോഷം എന്ന് ഉപരാഷ്ട്രപതി സമൂഹ മാധ്യമത്തിൽ കുറിച്ചു .

## ASSEMBLY

പ്രതിപക്ഷ ബഹളത്തിനിടയിൽ നിയമനിർമാണ നടപടികൾ വേഗത്തിൽ പൂർത്തിയാക്കി നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. ടിവി പരിപാടിയിൽ രാഹുൽ ഗാന്ധിക്കെതിരെ നടത്തിയ പരാമർശം അടിയന്തര പ്രമേയമായി ഉന്നയിക്കാൻ അനുമതി നിഷേധിച്ചതിനെ തുടർന്നാണ് ബഹളം തുടങ്ങിയത്. പ്രതിപക്ഷ ബഹളത്തിനിടെ, പിഎസ് സി ഭേദഗതി ബിൽ, ഏക കിടപ്പാടം സംരക്ഷണ ബിൽ, വ്യവസായ ഏകജാലക ക്ലിയറൻസ് ഭേദഗതി ബിൽ എന്നിവ സഭ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ടു. ഒക്ടോബർ ആറിനാണ് നിയമസഭ വീണ്ടും ചേരുക.

## BIHAR FINAL VOTERS LIST

ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള അന്തിമ വോട്ടർ പട്ടിക ഇന്ന് പ്രസിദ്ധീകരിച്ചു. തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റിൽ പട്ടിക ലഭ്യമാകും. തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി ഓഗസ്റ്റിൽ പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൽ 7.24 കോടിയിലധികം സമ്മതിദായകരാണ് ഉൾപ്പെട്ടിരുന്നത്.

## SEVA PARV (INTRO)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കിയ നരേന്ദ്രമോദി സർക്കാർ രാജ്യത്ത് പരിവർത്തനവും പുരോഗതിയും കൊണ്ടുവരാൻ അക്ഷീണം പ്രവർത്തിച്ചുവരികയാണ്. ക്യാപ്റ്റൻ ശുഭാംശു ശുക്ലയുടെ ബഹിരാകാശ യാത്ര, ഇന്ത്യയുടെ സ്വപ്നബഹിരാകാശ പദ്ധതിയെ സ്വാധീനിക്കുന്നത് എങ്ങനെയാണ് എന്നതിനെക്കുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവ പർവ്വിൽ ഇന്ന്...

(വോയ്സ്)

## SWACHCHATHA HI SEVA

സ്വച്ഛതാ ഹി സേവാ കാമ്പയിൻറെ ഭാഗമായി ആകാശവാണി തിരുവനന്ത പുരം പ്രാദേശിക വാർത്താ വിഭാഗത്തിന്റെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ആകാശവാണി പരിസരത്ത് നടന്ന ശുചീകരണ പരിപാടിയിൽ ഉദ്യോഗസ്ഥരും ജീവനക്കാരും പങ്കെടുത്തു.

## TYPHOON-BUALOI VIETNAM

വിയറ്റ്നാമിൽ ബുവാലോയ് ചുഴലിക്കാറ്റിൽ മരിച്ചവരുടെ എണ്ണം 26 ആയി ഉയർന്നു, 22 പേരെ കാണാതായിട്ടുണ്ട്. ഈ വർഷത്തെ ഏറ്റവും വിനാശ കരമായ കൊടുങ്കാറ്റാണ് ഇതെന്ന് വിലയിരുത്തുന്നു. കൊടുങ്കാറ്റിനെ തുടർന്നുണ്ടായ കനത്ത മഴ വെള്ളപ്പൊക്കത്തിന് കാരണമായി. അടിയന്തര നടപടികൾ സ്വീകരിക്കാൻ വിയറ്റ്നാം പ്രധാനമന്ത്രി പ്രാദേശിക ഭരണ കൂടങ്ങൾക്ക് നിർദ്ദേശം നൽകി.

## ICC WOMENS CRICKET

ഐ.സി.സിയുടെ വനിതാ ഏകദിന ലോകകപ്പിൻറെ ആദ്യമത്സരത്തിൽ ഇന്ത്യ ശ്രീലങ്കയെ നേരിടുന്നു. ടോസ് നേടിയ ശ്രീലങ്ക ഇന്ത്യയെ ബാറ്റിംഗി നയിച്ചു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 41 ഓവറിൽ 6 വിക്കറ്റ് നഷ്ട ത്തിൽ 215 റൺ എന്ന നിലയിലാണ്. എട്ട് ടീമുകളാണ് മൽസര രംഗത്തു ള്ളത്.

## WORLD PARA ATHLETICS

ലോക പാരാ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ യോഗേഷ് ഖതുനിയ വെള്ളി മെഡൽ നേടി. ന്യൂഡൽഹിയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയ ത്തിൽ നടന്ന പുരുഷന്മാരുടെ ഡിസ്കസ് ത്രോ F56 ഫൈനലിൽ രണ്ടാം ശ്രമ ത്തിൽ 42.49 മീറ്റർ ദൂരം എറിഞ്ഞാണ് അദ്ദേഹം വെള്ളി നേടിയത്. ഈയിന ത്തിൽ ബ്രസീലിനാണ് സ്വർണം.

## GST REFORMS- TOYS

എല്ലാ ജനവിഭാഗങ്ങൾക്കും ഒരുപോലെ ഗുണം ചെയ്യുന്ന പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ, രാജ്യത്തിന്റെ പരോക്ഷ നികുതി സമ്പ്രദായം ലളിതമാക്കുന്നതിനുള്ള നിർണായക ചുവടുവയ്പ്പാണ്. ജിഎസ്ടി നിരക്ക് ഇളവ് തദ്ദേശീയ കളിപ്പാട്ടങ്ങളുടെയും കായിക ഉപകരണങ്ങളുടെയും നിർമ്മാതാക്കൾക്ക് ആഭ്യന്തര, അന്താരാഷ്ട്ര വിപണികളിൽ മത്സരശേഷി നേടാൻ സഹായകരമാകുമെന്നാണ് വിലയിരുത്തൽ.

## ICAR CONSULATION-CHOUHAN

രാജ്യത്തെ കരിമ്പ് കൃഷിയുമായി ബന്ധപ്പെട്ട വെല്ലുവിളികൾ പരിഹരിക്കുന്ന തിനായി കേന്ദ്ര കാർഷിക ഗവേഷണ കൗൺസിലിന്റെ ഒരു പ്രത്യേക സംഘം രൂപീകരിക്കുമെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. കർഷകർ, ശാസ്ത്രജ്ഞർ, വ്യവസായ പങ്കാളികൾ എന്നിവരിൽ നിന്ന് നിർദ്ദേശങ്ങൾ സ്വീകരിച്ച ശേഷം ഈ സംഘം കരിമ്പ്കൃഷിയുമായി ബന്ധപ്പെട്ട നയം രൂപീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

## INTERNATIONAL DAY OLDER PERSONS

നാളെ അന്താരാഷ്ട്ര വയോജന ദിനം. കേന്ദ്ര സാമൂഹിക നീതി-ശാക്തീ കരണ മന്ത്രാലയതിന്റെ ആഭിമുഖ്യത്തിൽ നാളെ ന്യൂഡൽഹിയിൽ വിവിധ പരിപാടികളോടെ ദിനാചരണം ആഘോഷിക്കും. മുതിർന്ന പൗരന്മാർക്ക് അന്തസ്സുള്ളതും പ്രാപ്തമാക്കുന്നതുമായ ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കുന്ന തിനുള്ള സർക്കാറിൻറെ പ്രതിബദ്ധതയെ ഈ പരിപാടി ഉയർത്തിക്കാട്ടുമെന്ന് മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

## NEW KARUR STAMPEDE

തമിഴ്നാട്ടിലെ കരൂരിൽ തമിഴ്ഗ വെട്രി കഴകം അധ്യക്ഷനും നടനുമായ വിജയ്യുടെ പാർട്ടി പര്യടനത്തിനിടെ തിക്കിലും തിരക്കിലും പെട്ട് നിരവധി പേർ മരിക്കാനിടയായ സംഭവത്തിൽ മൂന്ന് പേരെ തമിഴ്നാട് പോലീസ് അറസ്റ്റ് ചെയ്തു. പാർട്ടി ഭാരവാഹികളായ മധ്യഴകൻ, മാസി പവൻരാജ്

എന്നിവരെയാണ് അറസ്റ്റ് ചെയ്തത്. അതിനിടെ സംഭവത്തെക്കുറിച്ച് തെറ്റായ വാർത്ത പ്രചരിപ്പിച്ചതിന് ഫെലിക്സ് ജെറാൾഡ് എന്ന യൂട്യൂബറെയും പോലീസ് അറസ്റ്റ് ചെയ്തു.